പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **6261**      **07.11.2016**-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിൽ നിയമന നിരോധനം

| ചോദ്യം<br>ശ്രീ.ഒ. രാജഗോപാൽ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ 17.12.2015 ന് ശേഷമുള്ള പ്രമോഷൻ, റിട്ടയർമെന്റ്, ജോലി വിട്ടുപോകൽ തുടങ്ങിയ കാരണങ്ങളാൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (എ) | ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | നിയമന നിരോധനം നിലവിലില്ലായെന്ന് സർക്കാർ അവകാശപ്പെടുമ്പോഴും കെ.എസ്.ആർ.ടി.സി.യിലെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാത്തത് നിയമന നിരോധനം ആണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ? | (ബി) | കെ.എസ്.ആർ.റ്റി.സി.യിൽ നിയമന നിരോധനമില്ല. 388 എൻ.ജെ.ഡി ഒഴിവുകളിൽ നിയമനം നൽകുന്ന നടപടി അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ